യാലും കമ്മിറ്റി കൂടാതെ നിവൃത്തിയില്ലാ അതുകൊണ്ട് ഞാൻ ഈ പ്രമേയത്തെ വീണ്ടും സഭയുടെ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

The resolution was put and negatived.

Mr. T. A. Ramachandra Ayyar.—A poll, Sir.

The House divided.—Ayes 6, Noes 20 and Neutral 1.

	Ayes.		*Noes.*
1	Mr. A. Eachara Menon	1	Mr. V. K. Aravindaksha Menon
2	,, T. K. Nayar	2	,, K. Ayyappan
3	,, P. Kumaran Ezhuthassan	3	,, Joseph Pettah
4	,, T. A. Ramachandra Ayyar	4	,, U. Kandar Menon
5	,, Dr. A. R. Menon	5	,, K. P. Kannan Nayar
6	Mrs. Swaris	6	,, P. S. Kesavan Nambudiri
		7	,, M. Krishna Menon.
		8	,, P. Krishna Menon
		9	,, K. Krishna Pisharodi
		10	Mr. A. I. Mani
		11	,, C. J. Mathew
		12	,, I. N. Menon
		13	,, P. Nilakanta Menon
		14	Dr. D. Raghavendra Rao
		15	Mr. M. K. Raman
		16	,, K. Ramunni Menon
		17	,, P. V. Raphael
		18	,, Dr. K. Sankara Menon
		19	,, T. S. Sesha Ayyar
		20	,, K. P. Vallon

Neutral.

Mr. C. N. Ittiravi Nambudiri.

Resolutions withdrawn (Nos. 10 and 11).

As the following resolutions were not moved they were considered witharawn.

Mr. E. Ikkanda Warriar.—"*This Council recommends to the Government to take immediate steps to establish a Land Mortgage Bank in the State*".

Mr. George Chakyamuri.—"*This Council recommends to the Government that the Committee appointed as per order C. No. 3297/96, to enquire into the condition of elementary education in the State and the steps to be taken to remedy defects, be reconstituted*".

12. Adhakrita Mahajana Sabha.

മിസ്റ്റർ കെ. പി. വള്ളോൻ.—

"കൊച്ചിയിലെ അധഃകൃതരുടെ ഭാവി ഉന്നമനത്തിനു വേണ്ടി മേലധഃകൃതമഹാജനസഭയുടെ ശ്രീവല്ലൂരണം ഏറ്റവും അത്യന്താപേക്ഷിതമാകയാൽ അതിന്റെ സംഘടനയ്ക്കും നടത്തിപ്പിനും വേണ്ടതായ സഹായസഹകരണങ്ങൾ ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽ നിന്നും ചെയ്യ അതു നടപ്പിൽ വരുത്തിതരുവാൻ ഈ സഭ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനോട് ശുപാർശ ചെയ്യുകൊള്ളുന്നു."

സർ, അധഃകൃതസമുദായങ്ങളുടെ ഉന്നമനത്തിനു വേണ്ടി ഒരു മഹാജനസഭ ശ്രീവല്ലൂരിയ്ക്കുണ്ടായ് ഏറ്റവുംഅത്യാവശ്യമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അധഃകൃതസംരക്ഷണാർത്ഥം ഗവൺമെണ്ടിൽനിന്നും പലസഹായസഹകരണങ്ങളും ചെയ്യുന്നുണ്ടെന്നിരുന്നാലും അതെല്ലാം ഈ കൊച്ചിരാജ്യത്തുള്ള സകലർക്കും ഒന്നുപോലെ ഫലിയ്ക്കുന്നുണ്ടെന്നു ഞങ്ങൾക്കുതോന്നുന്നില്ല. അധഃകൃതരെ എല്ലാം ഒരുതരത്തിലാക്കി അവരെ നന്നാക്കി കൊണ്ടുവരണമെന്നുണ്ടെങ്കിൽ അധഃകൃതരുടെയിടയിൽ ഒരു മഹാജനസഭയുടെ ശ്രമവല്ക്കരണത്താലല്ലാതെ മറെറാരു വിധത്തിലും സാധിയ്ക്കയില്ലെന്നാണ് എന്റെ അഭിപ്രായം. ഇപ്പോൾ ഇവിടെചെയ്തുവരുന്ന അധഃകൃതസംരക്ഷണങ്ങൾ കണ്ടിട്ട് ഈഅടുത്തകാലത്തു തന്നെ അധഃകൃതസമുദായം ഉന്നമനത്തെ പ്രാപിയ്ക്കുമോ എന്നുള്ളതു സംശയമാണ്. ഇപ്പോൾ അവിടവിടേയുള്ള ആളുകളെ ഒരു സ്ഥലത്തു ഒന്നിച്ചു വിളിച്ചുകൂട്ടി അവരിൽനിന്നും ഒരു മൊഴിയും വാങ്ങാതേയാണ് പ്രവൃത്തിച്ചുപോരുന്നതു്. അതുകൊണ്ട് കൊച്ചിരാജ്യത്തുള്ള അധഃകൃതർക്കു വേണ്ടി ഒരു മഹാജനസഭ ശ്രമവല്ക്കരിച്ച് അതിനു വേണ്ടിയുള്ള സകല സഹായ സഹകരണങ്ങളും ഗവൺമെണ്ടിൽ നിന്നും ചെയ്തുകൊടുക്കണം. ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള കാളനികളിൽ അതിന്റെ എല്ലാ പ്രവൃത്തികളും അധഃകൃതസമുദായത്തിനു വേണ്ടി വച്ചുകൊടുത്തു് അവരെ എല്ലാ വിധത്തിലും സഹായിയ്ക്കുന്നുവെങ്കിൽ ഈ അധഃകൃതസമുദായം അടുത്തകാലത്തുതന്നെ ഉന്നതിയെ പ്രാപിയ്ക്കുന്നതാണ്. അധഃകൃതസമുദായങ്ങളുടെയിടയിൽ മറെറാരു സമുദായക്കാരും എന്തെല്ലാം തരത്തിൽ വേല ചെയ്താലും അധഃകൃതസമുദായത്തിലുള്ള ജനങ്ങൾക്കു് അവരുടെ പ്രവൃത്തിയെ കുറിച്ചു് അധികം വിശ്വസിയ്ക്കുവാൻ പാടില്ലാത്ത നിലയിൽ അവർ ചെയ്യുന്ന പ്രവൃത്തികളൊന്നും ഫലപ്രാപ്തിയിൽ വന്നു കാണുന്നില്ല. അതുകൊണ്ട് അധഃകൃതസമുദായത്തിനു് വേണ്ടി (വേലചെയ്യുന്നവർക്ക്) അധഃകൃതർ ധാരാളമായി നിവസിയ്ക്കുന്ന സ്ഥലങ്ങളിൽ പോയി യോഗങ്ങൾ വിളിച്ചുകൂട്ടി അധഃകൃതരെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുകയും, അവരുടെ സങ്കടങ്ങളെ ഗവൺമെണ്ടിനെ അറിയിയ്ക്കുകയും ചെയ്യുന്നതിനു വേണ്ടി ഉത്സാഹിച്ചു നടക്കുന്ന ചില സമുദായ സ്നേഹികളായ അധഃകൃതർക്കു് അവരുടെ യാത്രച്ചിലവു കഴിഞ്ഞു കൂടുവാൻ വേണ്ടി ഒരു ടാവലിംഗ് അലവൻസു കൊടുത്തു് അവരെ സഹായിച്ചു് അധഃകൃതസമുദായത്തെ ഉന്നമിപ്പിയ്ക്കുണമെന്നപേക്ഷിച്ചുകൊണ്ടു് ഈ പ്രമേയത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ ടി. കെ. നായർ.—ഞാൻ അതിനെ പിൻതാങ്ങുന്നു.

മിസ്റ്റർ എ. ഈച്ചരമേനോൻ.—മഹാജനസഭ എന്തിനാണെന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ കെ. അയ്യപ്പൻ.—ആദ്യമായി ഇതിൽ ഗവൺമെണ്ടിനു് എന്തഭിപ്രായമാണുള്ളതെന്നറിയട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ഐ. എൻ. മേനോൻ.—ഗവമ്മെണ്ടിന്റെ അഭിപ്രായം പൊതുജനങ്ങളുടെ അഭിപ്രായം എന്താണെന്നറിഞ്ഞതിനു ശേഷം ആകാം.

മിസ്റ്റർ കെ. അയ്യപ്പൻ.—സാധാരണ ഗവമ്മെണ്ടു തന്നെ ഒരു എക്സ്പ്ലനേഷൻ തരുകയാണ് പതിവു്.

മിസ്റ്റർ ഐ. എൻ. മേനോൻ.—ഇതിൽ സാമാന്യേന പൊതുജനങ്ങളുടെ അഭിപ്രായമെന്താണെന്നറിഞ്ഞിട്ടാണ് ഗവമ്മെണ്ടിൽ നിന്നും ഒരഭിപ്രായം പറയുക. അതുകൊണ്ടു് ഗവമ്മെണ്ടിന്റെ അഭിപ്രായം അറിയണമെങ്കിൽ സഭയുടെ അഭിപ്രായം എന്താണെന്നു കൂടി അറിയാതെ പറയുന്നതു് ശരിയാണെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ അയ്യപ്പൻ.—ഇങ്ങനെ ഒരു സഭ കൊണ്ടു് വളരെ പ്രയോജനമുണ്ടു്. അധഃകൃതരുടെ അവശതകൾ അറിഞ്ഞു അവയുടെ പരിഹാരത്തിനായി വാദിക്കാനും മറ്റും അവക്കു ഒരു പൊതുവായ സംഘടന ആവശ്യമാണ്. അധഃകൃത സംരക്ഷണ വകുപ്പുപോലേയുള്ള ഔദ്യോഗികസ്ഥാപനങ്ങൾക്കു് അതു സാധിയ്ക്കയില്ല. ഗവമ്മെണ്ടിന്റെ പ്രവൃത്തികളെ എപ്പോഴും താങ്ങുകയേ അധഃകൃതസംരക്ഷണ വകുപ്പിനു നിവൃത്തിയുള്ളു. ഗവമ്മെണ്ടിനോടു ചിലപ്പോൾ നിയമാനുസരണമായി യോജിയ്ക്കാതെ വാദിക്കേണ്ടതായും വരും. അതിനാണ് ഈ നിശ്ചയത്തിൽ പറയുന്ന മാതിരി സഭ വേണ്ടതു്. ഈ രാജ്യത്തു് ഇപ്പോൾ എല്ലാ സമുദായക്കാർക്കും പ്രത്യേകം സംഘടനകൾ ഉണ്ടു്. അതും അധഃകൃതർക്കു പ്രത്യേകിച്ചും ആവശ്യമാണു്.

തിരുവിതാംകൂറിൽ പ്രജാസഭാവസരത്തിൽ കൊല്ലംതോറും ഒരു പുലയമഹാജനസഭ നടക്കാറുണ്ടു്. അതിൽ ദിവാനായിരിയ്ക്കും അദ്ധ്യക്ഷൻ. രാജ്യത്തിന്റെ നാനാഭാഗത്തു നിന്നും പുലയർ സഭയിൽ ഹാജരാകും. ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ആയ ഇതരസമുദായ പ്രധാനികളും സഭയിൽ ഹാജരായി ഉപദേശങ്ങൾ കൊടുക്കുകയും, മറ്റുവിധത്തിൽ സഹായങ്ങൾ ചെയ്കയും ചെയ്യും. ഇങ്ങനെ അവിടത്തെ പുലയ മഹാജനസഭയ്ക്കു് ഗവമ്മെണ്ടിന്റെ പ്രോത്സാഹനം ലഭിയ്ക്കുന്നുണ്ടു്.

ഒരു അധഃകൃതസഭ ഉണ്ടാക്കുവാൻ അധഃകൃതരിൽ ആരെങ്കിലും ഇറങ്ങിവരട്ടെ എന്നു് ഗവമ്മെണ്ടു പറഞ്ഞേക്കും. അധഃകൃതരുടെ ഇടയിൽ മുഴുവൻ സമയം ചിലവാക്കി ഇങ്ങനെ ഒരു വേലയ്ക്കിറങ്ങാൻ സൌകര്യമുള്ളവരുണ്ടോ എന്നാണെന്റെ ചോദ്യം. മിസ്റ്റർ വള്ളോൻ തന്നെ ഈ വഴിയ്ക്കു് വളരെ വേല ചെയ്തിട്ടുണ്ടു്. പക്ഷേ ശരിയ്ക്കു് അതു ഫലിപ്പിയ്ക്കുവാൻ വേണ്ടതു പ്രയത്നിയ്ക്കുവാനുള്ള സൌകര്യം അദ്ദേഹത്തിനില്ല. അദ്ദേഹത്തിന്റെ സ്വന്തം കാര്യത്തിനുള്ള വേലകൾക്കിടയിലേ ഇതി-

LIBRARY ARCHIVES Kerala Legislative Assembly

ന ശ്രമിയ്ക്കുവാൻ സാധിയ്ക്കയുള്ളൂ. ഈ വിഷമങ്ങളെല്ലാം ഓ ത്താൽ അധഃകൃതരുടെ സംഘടനയ്ക്ക് എന്തെങ്കിലും സഹായം ഗ വമ്മെണ്ടു ചെയ്യേണ്ടതാണെന്നു വെളിവാകും.

മിസ്റ്റർ പി. കുമാരൻ എഴുത്താശ്ശാൻ.—ഞാൻ ഈ പ്രമേയ ത്തെ പിൻതാങ്ങുന്നു. മഹാജനസഭകൊണ്ടു് സമുദായങ്ങളെ അ ഭിവൃദ്ധിപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടോ എന്നും, സാധിയ്ക്കുന്നു ണ്ടോ എന്നും ലോകത്തുള്ള പല സമുദായങ്ങളുടേയും ചരിത്രം എ ടുത്തുനോക്കിയാൽ കാണാം. അതുപോലെ തന്നെ അധഃകൃതസ മുദായത്തിനും ഒരു മഹാജനസഭ ഉണ്ടാക്കിത്തീർക്കുവാൻ കഴിയുമെ ങ്കിൽ അതും മറ്റു സമുദായങ്ങളോടൊപ്പം അഭിവൃദ്ധിപ്പെട്ടുവരുമെ ന്നാണു് എന്റെ വിശ്വാസം. ഇന്നു മറ്റു സമുദായങ്ങളിലെല്ലാം ഉള്ളതുപോലുള്ള ഒരു മഹാജനസഭ ഉണ്ടാക്കി തീർക്കുവാൻ അതാതു സമുദായക്കാർ പ്രയത്നിച്ചതുപോലെ ഈസമുദായത്തിലുള്ളവരും പ്രയത്നിച്ചു നടപ്പിലാക്കി അതിനെ ശരിപ്പെടുത്തുവാനുള്ളതാണി യുള്ളവരായിരുന്നെങ്കിൽ പിന്നെ യഥാർത്ഥത്തിൽ ഇങ്ങനെ ഒരു മഹാജനസഭയുടെ ആവശ്യം തന്നെയില്ല. അപ്രകാരം ഇതിനു് വേണ്ടി പ്രവൃത്തിയ്ക്കുവാൻ ഇന്നത്തെ സ്ഥിതിയ്ക്കു് അവർക്കു സാധി യ്ക്കയുമില്ല. ഈ പ്രമേയത്തിൽ അവർ ആവശ്യപ്പെട്ടിട്ടുള്ളതു് ഒ രു മഹാജനസഭ രൂപവല്ക്കരിയ്ക്കുവാൻ ഗവമ്മെണ്ടിന്റെ സഹായ സഹകരണം ഉണ്ടാകണമെന്നാണു്. ഇപ്പോഴാകട്ടെ അധഃകൃത രുടെ കാര്യങ്ങൾവേണ്ടപോലെ ആലോചിച്ചു പാടിച്ചു് അതിനെ സമർത്ഥിച്ചു കൊണ്ടുപോകുവാൻ ശക്തിയുള്ള ഒരാൾ ഇവിടെ ത ന്നെയുണ്ടു്. അദ്ദേഹത്തെ; അധഃകൃത സംരക്ഷകനെ ആ ഭാരം ഏ ല്പിക്കുന്നതായാൽ പിന്നെ അദ്ദേഹം തന്നെ ഇതിലേയ്ക്കു വേണ്ടി പരിശ്രമിച്ചുകൊള്ളും. പിന്നെ അദ്ദേഹത്തോടു കൂടി ആ സമുദാ യത്തിൽപെട്ട ആളുകളെ ഉൾപ്പെടുത്തി വേണ്ട പ്രചരണവേലക ളും ചെയ്താൽ മതിയാകുന്നതാണു്. ഗവമ്മെണ്ടിനു് ഇതിലേയ്ക്കു് വേണ്ടി വലിയ ചിലവൊന്നും ചെയ്യേണ്ടിവരികയുമില്ല. ആ നി ലയിൽ ഈ സമുദായത്തിൽപെട്ടവരെ കൂട്ടിച്ചേർത്തു് അധഃകൃത സംരക്ഷകൻ തന്നെ പരിശ്രമിച്ചു് കഴിയുന്നതും വേഗത്തിൽ ഒരു മഹാജനസഭ രൂപീകരിയ്ക്കുന്നതിക്കാര്യത്തിനും ഗവമ്മെണ്ടു് വേണ്ടവിധ ത്തിൽ സഹായിയ്ക്കണമെന്നുള്ള അപേക്ഷയോടു കൂടി ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ എ. ഈച്ചരമേനോൻ.—ഈ പ്രമേയത്തെ എതിർക്കുന്ന തിൽ എനിയ്ക്കു വളരെ സങ്കടമുണ്ടു്

ഈ പ്രമേയത്തെ ഞാൻ വായിച്ചപ്പോൾ എങ്ങിനെയാണു് ഇതു് ഗവമ്മെണ്ടു സാധിയ്ക്കാൻ പോകുന്നതെന്നാണു് എനിയ്ക്കു തോന്നിയതു്. ഗവമ്മെണ്ടിനെ എതിർക്കുവാനുള്ള ഒരു സഭയാ ണിതു്. അതിൽ എങ്ങിനെയാണു് ഗവമ്മെണ്ടുദ്യോഗസ്ഥന്മാരെ

LIBRARY ARCHIVES Kerala Legislative Assembly

കൂടി ഉൾപ്പെടുത്തുന്നതു്. ഗവമ്മെണ്ടു് ഇതിനു് എന്താണു് ചെയ്യാൻ പോകുന്നതെന്നു് എനിയ്ക്കു നിശ്ചയമില്ല. ഗവമ്മെണ്ടിന്റെ അഭിപ്രായത്തിനു വിപരീതമായി പ്രവൃത്തിയ്ക്കുവാൻ ഉള്ള ഒരു സഭയെ ഗവമ്മെണ്ടുദ്യോഗസ്ഥൻ തന്നെ നടത്തുന്നതു് കുറച്ചു സാഹസമാണെന്നാണു് എനിയ്ക്കു തോന്നുന്നതു്. അതുകൊണ്ടു് അങ്ങിനെ ഗവമ്മെണ്ടുദ്യോഗസ്ഥനേയും കൂടി ഉൾപ്പെടുത്തിയുള്ള ഒരു മഹാജനസഭ ഗവമ്മെണ്ടിൽ നിന്നും ശ്രമിച്ചു് ഉണ്ടാക്കിക്കൊടുക്കാൻ പാടില്ലെന്നാണു് എന്റെ അഭിപ്രായം. അധഃകൃതസമുദായത്തിനു് കഴിയുന്നത്ര സഹായം ചെയ്യുന്നതിൽ ആക്ഷേപം തന്നെ വിരോധമില്ല. ഞാൻ തന്നെ എന്നാൽ കഴിയുന്നതും അവക്കു വേണ്ടതു് ചെയ്തുകൊണ്ടിരിയ്ക്കുന്നുണ്ടു്. ഇങ്ങനെ ഒരു മഹാജനസഭ ഗവമ്മെണ്ടുമായി യോജിച്ചു നടത്തുന്നുവെങ്കിൽ ഗവമ്മെണ്ടു് പറയുമ്പോലെ ആ അധഃകൃതസംരക്ഷകൻ കേൾക്കുകയില്ല. ഗവമ്മെണ്ടിന്റെ അഭിപ്രായത്തിനു വിപരീതമായി പ്രവൃത്തിയ്ക്കുവാനാണോ ഗവമ്മെണ്ടിൽ നിന്നും ഇങ്ങിനെ ഒരു അധഃകൃതസംരക്ഷകനെ നിയമിച്ചു വച്ചുകൊണ്ടിരിയ്ക്കുന്നതെന്നാണു് ഞാൻ ചോദിയ്ക്കുന്നതു്.

മിസ്റ്റർ പി. എസ്സു്. കേശവൻ നമ്പൂതിരി.—ഈ അഭിപ്രായത്തോടു ഞാൻ ശക്തിയായി യോജിക്കുന്നു. അധഃകൃതർക്കു സാമ്പത്തികമായ ശക്തിയില്ലെങ്കിലും അവരുടെ ഇടയിൽ ഒരു ചെറിയ സംഘടനയുണ്ടാക്കിയാൽ അവരും ഒരു ശക്തിയുള്ള സമുദായക്കാരായിത്തീരും. എന്നാൽ അവർ ഇത്രത്തോളം അധഃപതിച്ചു കിടക്കുന്നതിന്റെ കാരണം ഒന്നാമതായി അവരുടെയിടയിൽ സംഘടനാശക്തി ഇല്ലാത്തതുകൊണ്ടാകുന്നു. അതിനാൽ അവരുടെ സമുദായാഭിവൃദ്ധിയ്ക്കുവേണ്ടി ആദ്യമായി ഒരു സംഘടനയുണ്ടാക്കുകയാണുവേണ്ടതു്. ഗവമ്മെണ്ടിൽ നിന്നും ഇപ്പോൾ അവക്കു് അന്നവും ഭക്ഷണത്തിനുംമറും കൊടുത്തുവരുന്നുണ്ടെങ്കിൽ അതു് അന്നമതന്നെ കഴിഞ്ഞുപോകുന്നതിനാൽ എന്നും അങ്ങിനെ കൊടുക്കേണ്ടിവരുന്നു. എന്നാൽ ഈമതിരി സംഘടനയ്ക്കുവേണ്ടി സഹായിച്ചാൽ അവക്കു സമുദായബോധമുണ്ടാകുവാനും അവരുടെ ശക്തി വർദ്ധിപ്പിയ്ക്കുവാനും കഴിയുന്നതാണു്. അവക്കു സാമുദായിക സംഘടന ഉണ്ടായി കഴിഞ്ഞാൽ പിന്നെ ഇന്നത്തെ ചെറിയ സഹായങ്ങളെല്ലാം വേണ്ടെന്നു വയ്ക്കുവാനും കഴിയും. ചിറമൽ മെമ്പർ പറഞ്ഞതു് ഗവമ്മെണ്ടിനോടെതിർക്കുവാൻ ഗവമ്മെണ്ടുതന്നെ ഒരു സ്ഥാപനമുണ്ടാക്കുന്നുവെന്നാണു്. ഇന്നു നാമിനേറ്റു ചെയ്യപ്പെട്ടിട്ടുള്ള മെമ്പർമാർ ചില കാര്യങ്ങളിലെല്ലാം ഗവമ്മെണ്ടിനോടു് എതിർക്കുന്നില്ലേ? അതുകൊണ്ടു് ന്യായമായും, ശരിയായും വേണ്ട കാര്യങ്ങൾ എതിർപ്പുകൊണ്ടായാലും ശരിയായി നിവൃത്തിക്കുന്നതാണു്. ഇന്നു് അധഃകൃതർക്കു് അവരുടെ ഉയർന്

LIBRARY ARCHIVES Kerala Legislative Assembly

സമുദായക്കാരിൽ നിന്നും അടിയ്ക്കടി പല മത്സരങ്ങളും ഉണ്ടായിക്കൊണ്ടിരിയ്ക്കുന്നുണ്ട്. അവക്കു സംഘബലമുണ്ടെങ്കിൽ ആ മത്സരത്തെ തടയുവാനുള്ള ശക്തിയുണ്ടാകും.

തിരുവിതാംകൂറിൽ കുറച്ചുകാലം മുമ്പു് ബ്രാഹ്മണരുടെ കയ്യാൽ നായന്മാക്കു് പല സാമുദായികാവശതകളും സഹിയ്ക്കേണ്ടിവന്നിരുന്നു. എന്നാൽ അവിടെനായർസമാജം ശക്തിയെ പ്രാപിച്ചതോടുകൂടി അവർ ആ അവശതകളെയെല്ലാം വെടിഞ്ഞു. ആ അതിൽ നിന്നും വിജയം നേടുകയാണുണ്ടായതു്. അതിനാൽ ഏതിർശക്തികളെ ജയിക്കത്തക്കവണ്ണമുള്ള ഒരുചെറിയസംഘടന അവരിൽ ഉണ്ടാക്കികൊടുക്കുകയാണു് തല്ക്കാലം വേണ്ടതു്. ഇങ്ങനെ ഒരു സഭ സ്ഥാപിയ്ക്കുന്നപക്ഷം അവക്കു പ്രത്യേകം ഒരു സംരക്ഷകന്റെ ആവശ്യംതന്നെ ഉണ്ടാകുന്നതല്ല. അവരുടെ ആളുകളെ വിളിച്ചുകൂട്ടി സമുദായിക കാര്യങ്ങളും പറഞ്ഞു മനസ്സിലാക്കുവാൻ അവക്കു കഴിയുമെന്നുവരികിൽ അതുതന്നെയാണു് നല്ലതെന്നാണു് ഈ പ്രമേയത്തിന്റെ ഉദ്ദേശം. അതിനുള്ള മാർഗ്ഗം ഗവമ്മെണ്ടു ചെയ്തുകൊടുത്താൽ സമുദായം ശക്തിയെ പ്രാപിയ്ക്കും. ഈ പ്രമേയത്തെ ഗവമ്മെണ്ടു സ്വീകരിയ്ക്കുയും, അധഃകൃത സംരക്ഷകന്റെ കാര്യപരിപാടിയിൽ ഇതുംകൂടി ഉൾപ്പെടുത്തുകയും ചെയ്താൽ ഇതു യാതൊരു വിഷമവും കൂടാതെ സാധിക്കുന്നതാണു്.

മിസ്റ്റർ ജോസഫ് പേട്ട.—സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. അധഃകൃതക്കു് ഒരു സംഘടന ആവശ്യമാണെന്നുള്ളതിൽ അഭിപ്രായവ്യത്യാസത്തിനു വഴിയില്ല. അധഃകൃതരെ അവരുടെ ഇപ്പോഴത്തെ സ്ഥിതിയിൽ നിന്നു് ഉയർത്തുന്നതിനു വളരെ ആവശ്യമായ ഒരു സംഗതി അവരിൽ ഉൽകർഷേച്ഛ അങ്കുരിപ്പിക്കുകയാണു്. അതിലേക്കു് ഈ പ്രമേയത്തിൽ നിർദ്ദേശിച്ചിരിക്കുന്ന തരത്തിലുള്ള ഒരു സംഘടന വളരെ ഉപകരിക്കുമെന്നുള്ളതിനു തർക്കമില്ല. എന്നാൽ അത്തരം ഒരു സംഘം രൂപവൽക്കരിക്കുന്നതിനു് ഗവമ്മെണ്ടിൽ നിന്നു് ഏതെങ്കിലും സഹായസഹകരണങ്ങളും ചെയ്തുകൊടുക്കണമോ വേണ്ടയോ എന്ന പ്രശ്നത്തിലാണു് അഭിപ്രായവ്യത്യാസത്തിനു വഴിയുള്ളതു്. ഈ സന്ദർഭത്തിൽ നിർദ്ദിഷ്ടവിഷയത്തോടു് ഏതാണ്ടു സാമ്യമുള്ള മറ്റൊരു വിഷയം നാം ഓർമ്മിക്കേണ്ടതുണ്ടു്. സംഘടന പോലെതന്നെ വിദ്യാഭ്യാസവും മനുഷ്യരിൽ ഉൽകർഷേച്ഛ ഉളവാക്കുന്ന ഒന്നാണു്. വിദ്യാഭ്യാസവിഷയത്തിൽ മറ്റു സമുദായങ്ങൾക്കു ചെയ്തുകൊടുക്കാത്ത പല പ്രത്യേക സഹായങ്ങളും ഇപ്പോൾ ഗവമ്മെണ്ടു് അധഃകൃതക്കു ചെയ്തുകൊടുക്കുന്നുണ്ടു്. അതുകയാൽ സംഘടനാവിഷയത്തിലും ചില പ്രത്യേക സഹായങ്ങൾ അവക്കു ചെയ്തുകൊടുക്കുന്നതിൽ അനൌചിത്യമില്ല. ഒരു അധഃകൃത മഹാജനസഭ പല സംഗതിയിലും ഗവമ്മെണ്ടിനോടു മത്സരിക്കേണ്ടിവരുമെന്നും, അപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

ഗവമ്മെണ്ടിനോടു് എതിരിടുവാനുള്ള ഒരു സഭ സ്ഥാപിക്കുന്നതി
നു ഗവമ്മെണ്ടുതന്നെ സഹായിക്കുന്നതു് വിഹിതമല്ലെന്നും ഒരു എ
തിർവാദംഇവിടെ പ്രസ്ഥാവിക്കുകയുണ്ടായി. പക്ഷെ ഈവാദംവി
ദ്യാഭ്യാസ വിഷയത്തിലും പുറപ്പെടുവിയ്ക്കാവുന്നതാണു്. സംഘട
നപോലെതന്നെ വിദ്യാഭ്യാസവും അധഃകൃതരെ ഗവമ്മെണ്ടിനോ
ടു മത്സരിക്കുന്നതിനു് പ്രാപ്തരാക്കിതീർക്കുന്നുണ്ടല്ലൊ. ആ സ്ഥിതി
ക്കു് വിദ്യാഭ്യസ വിഷയത്തിലും അധഃകൃതക്കു് ഗവമ്മെണ്ടിൽനി
ന്നു് പ്രത്യേകാനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നതു് വിഹിതമല്ലെന്നുവ
രുന്നു. മാത്രമല്ല, മറ്റു സമുദായങ്ങൾക്കും വിദ്യാഭ്യാസ സൌക
ര്യങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കുന്നതു അബദ്ധമാണെന്നു സിദ്ധിക്കുന്നു.
പക്ഷെ വാസ്തവത്തിൽ ശരിയായ വിദ്യാഭ്യാസവും ശരിയായ
സംഘടനയും മത്സരത്തെ പ്രേരിപ്പിക്കുന്നില്ല. അവ ഭരണവിഷ
യത്തിൽ ഗവമ്മെണ്ടിനെ സഹായിക്കുകയാണു് ചെയ്യുന്നതു്. ഗവ
മ്മെണ്ടിനോടു് ന്യായമായവിധത്തിൽഅവകാശവാദംചെയ്യുന്നതു്
ഒരു മത്സരമല്ല. അതാതു കാലങ്ങളിൽ സമുദായത്തിനു നേരിടു
ന്ന ആവശ്യങ്ങളെ അറിഞ്ഞറിഞ്ഞു ഗവമ്മെണ്ടിനെ ധരിപ്പിക്ക
കയാണു് ഒരു മഹാജനസഭ ചെയ്യുന്നതു്. അതു് ഒരു സാമുദായിക
സഭയുടെ മുമതലയുമാണു്. ഏതാദൃശസ്ഥാപനങ്ങൾ നാട്ടിൽ
ഉണ്ടാകുന്നതു് ഗവമ്മെണ്ടിനു് ഭരണവിഷയത്തിൽകൂടുതൽ സഹാ
യമായിതീരുന്നു. ആകയാൽ ഇങ്ങനെയുള്ള കാര്യങ്ങൾക്കു് സമു
ദായത്തിന്റെ അവശത നിമിത്തം ഗവമ്മെണ്ടിന്റെ പ്രത്യേകാ
നുകൂല്യം ആവശ്യമായി കാണുന്നപക്ഷം, അത്തരം വേണ്ടഒത്താ
ശകൾ ഗവമ്മെണ്ടു ചെയ്തുകൊടുക്കുന്നതിൽ യാതൊരു അനൌചി
ത്യവും ഞാൻ കാണുന്നില്ല.

എന്നാൽ ഇത്തരം ഒരു പ്രമേയം കൂടാതെതന്നെ അധഃകൃത
സംരക്ഷകനു് ഈ കാര്യത്തിൽ വേണ്ടതു പ്രവൃത്തിക്കരുതേ! എ
ന്നൊരുപക്ഷെ വല്ലവരും ചോദിച്ചേക്കാം. പക്ഷെ അതു അത്ര
എളുപ്പമല്ല. അധഃകൃത സംരക്ഷകൻ ഒരു ഗവമ്മെണ്ടുദ്യോഗ
സ്ഥനാണു്. ഗവമ്മെണ്ടിന്റെ നയാനുസരണമല്ലാതെ പ്രവൃത്തി
ക്കുന്നതിനു് അദ്ദേഹത്തിനു നിവൃത്തിയില്ല. ഗവമ്മെണ്ടു് ഈ പ്ര
മേയം സ്വീകരിക്കുന്നപക്ഷം അതിലെ ആന്തര മനസരിച്ചു് പ്രവൃ
ത്തിക്കുന്നതിനു് അധഃകൃത സംരക്ഷകനു സാധിച്ചേക്കാം. ആക
യാൽ ഈ കാര്യത്തിൽ വേണ്ട സഹായങ്ങളും ഒത്താശകളും ഗവ
മ്മെണ്ടു ചെയ്തുകൊടുക്കുന്നപക്ഷം അതു് അധഃകൃത സമുദായങ്ങൾക്കു
വലുതായ ഒരനുഗ്രഹമായിരിയ്ക്കുമെന്നാണു് എന്റെ അഭിപ്രായം.
ഇതുയും പറഞ്ഞുകൊണ്ടു ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

മിസ്റ്റർ ഐ. എൻ. മേനോൻ.—ഈ പ്രമേയത്തെപറ്റി ഗ
വമ്മെൻറിന്റെ അഭിപ്രായം പറഞ്ഞു മനസ്സിലാക്കുവാനാണു്
വലിയ ബുദ്ധിമുട്ടു്. എന്താണെന്നു വച്ചാൽ കൌൺസിൽ ഇ

LIBRARY ARCHIVES Kerala Legislative Assembly

തു സമ്മതിച്ചു, മാറ്റതു സമ്മതിച്ചില്ല എന്നുള്ളതുപോലെ ഒരു സമാധാനം ഇതിലും പറയുവാൻ വകയുണ്ടു്. പിന്നെ അധഃകൃതക്കു് ഒരു സഭ വേണോ വേണ്ടയോ എന്നൊരു ചോദ്യം ഈ കൌൺസിലിൽ ഇതുവരെ വന്നിട്ടില്ല. സഭ വേണമെന്നുള്ളതിൽ ശവമ്മെണ്ടിനു സമ്മതമാണു്. ഒരു മഹാജനസഭയെന്നു പറയുമ്പോൾ അതിൽ ചെറുതായ സംഘടനകൾ പലതുമുണ്ടായിരിയ്ക്കും. സാധാരണയായി ഈ ചെറിയ സംഘടനകളെല്ലാം അനുസരിച്ചിട്ടാണു് വലിയ സംഘടനയ്ക്കു പോകുക. അതാണു് പ്രകൃതിയനുസരിച്ചുള്ള വലിയസംഘടനം ഇന്നു് ഓരോ സമുദായങ്ങളിലും അങ്ങിനെ ചെറിയ സംഘടനയുണ്ടായിട്ടാണു് ഒടുവിൽ അതു വലിയ സംഘടനയിൽ വന്നിട്ടുള്ളതു്.

ഇപ്പോൾ സംരക്ഷകൻ ചെയ്യുന്ന സഹായങ്ങൾ പോരായെന്നുണ്ടെങ്കിൽ അതു വർദ്ധിപ്പിയ്ക്കുവാൻ വളരെ മാർഗ്ഗങ്ങളുണ്ടു്. ഈ ഒരു വകുപ്പിൽനിന്നും (ശവമ്മെണ്ടിൽനിന്നും) ഉള്ള ഒരു താങ്ങു് കിട്ടുന്നില്ലെന്നു് ഒന്നും ഇപ്പോൾ പറഞ്ഞിട്ടില്ല. അതുകൊണ്ടു് ഇതിനെ സംബന്ധിച്ചു് എനിയ്ക്കു പറയാനുള്ളതു ഒരു വലുതായ സംഘടനയാണു്. ആദ്യമായിട്ടു വേണ്ടതെന്നു പറഞ്ഞാൽ അതിലേയ്ക്കു ജനങ്ങളുടെയിടയിൽനിന്നും ചെറിയ ചെറിയ നിയോജകമണ്ഡലങ്ങൾ ഉണ്ടായി അവ ഒന്നിച്ചു കൂടണം. അതില്ലാതെ എല്ലാവരേയും വിളിച്ചു കൂട്ടുവാൻ സാധിയ്ക്കയില്ല. ആദ്യം ചെറുതായ ഒരു സംഘടനയുണ്ടാക്കീട്ടു് പിന്നെ വലിയ സംഘടനയ്ക്കു പോകുന്നതാണു് പ്രയോജനമായിതീരുന്നതു്.

മിസ്റ്റർ ജോസഫ് ചെട്ട.—ചെറിയ സംഘടനകൾ ഉണ്ടെങ്കിലേ വലിയ സംഘങ്ങൾ വിളിച്ചു കൂട്ടുവാൻ സാധിയ്ക്കയുള്ളുവെന്നു പറഞ്ഞിട്ടുള്ളതു് എന്താണെന്നു മനസ്സിലാകുന്നില്ലേ.

മിസ്റ്റർ ഐ. എൻ. മേനോൻ.—സാധാരണയായിട്ടു് സാമുദായികബോധം കുറച്ചെങ്കിലും ഉണ്ടായതിനുശേഷം മതമേ അതു വർദ്ധിപ്പിയ്ക്കുവാനായി വലിയ സംഘടനയുണ്ടാക്കേണ്ട ആവശ്യമുള്ളൂ.

മിസ്റ്റർ പി കുമാരൻ എഴുത്താശ്ശൻ.— അതുണ്ടാകുവാൻ വേണ്ടിയാണു് മഹാജനസഭ വേണമെന്നു പറയുന്നതു്.

മിസ്റ്റർ ഐ. എൻ. മേനോൻ.—അതു് ചെറിയ സംഘടനകൊണ്ടേ സാധിയ്ക്കയുള്ളുവെന്നാണു് എന്റെ അഭിപ്രായം. ഇതു തെറ്റാണെങ്കിൽ ഇരിയ്ക്കട്ടെ. ഞാനും ഇല്ലെന്നു പറയുന്നില്ല.

ഇതിൽ എനിയ്ക്കു പ്രധാനമായി പറവാനുള്ളതു് ഇന്നു് ഒരു മഹാജന സഭയുടെ അത്യാവശ്യം മാത്രമേ അധഃകൃതക്കു ചെയ്തുകൊടുക്കേണ്ടതായിട്ടുള്ളൂ എന്നാണു്. ഇനിയും പലതും അവർക്കു ചെയ്തുകൊടുക്കുവാനുണ്ടു്. ഗൃഹത്തിൽ, ഭക്ഷണത്തിൽ, വസ്ത്രത്തിൽ ഇങ്ങനെയുള്ള പലതും ഇല്ലാതേയിരിയ്ക്കുമ്പോൾ ആദ്യമേ

LIBRARY ARCHIVES Kerala Legislative Assembly

അത്യാവശ്യമായി ചെയ്യേണ്ടതു് ഇതാണോ? ആദ്യമാദ്യം ഏതേതു അത്യാവശ്യമോ അതു നോക്കി ചെയ്യണം. ഇതാണ് എനിയ്ക്കു പറയാനുള്ളതു്. എന്നാൽ ഇതു വേണ്ട എന്നില്ല. ഇതും വേണം. ഏതാണ് കൂടുതലാവശ്യമുള്ളതെന്നുള്ളതു് നോക്കി അതെല്ലാം നിവ്വഹിച്ചതിനുശേഷം ചെയ്യേണമെന്നാണ് ഗവൺമെണ്ടിൽനിന്നും ഇതിനു മറുപടിയായി പറയാനുള്ളതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃതക്ക് മഹാജനസഭയുടെ ആവശ്യകത തന്നെ അധഃകൃതരുടെ അധഃപതനത്തെ നീക്കുവാൻ വേണ്ടിയാണു്. ഇപ്പോൾ ഏകദേശം പതിനൊല്ലായിരത്തോളമായി കൊച്ചിയിൽ ഒരു പുലയ സഭ സ്ഥാപിച്ചു നടന്നുവരുന്നുണ്ടു്. എന്നാൽ അതിന്റെ നടത്തിപ്പിനെ നിലനിറുത്തിക്കൊണ്ടുപോകുവാൻ അധഃകൃതരിൽ ആർക്കും സാധിയ്ക്കാത്തതുകൊണ്ടാണ് അതു് ഇത്ര സാവധാനത്തിൽ നടന്നുപോകുന്നതു്. അതിന്റെ പേരിനെ മാറ്റി അധഃകൃതമഹാജനസഭ എന്നാക്കിയാലും നന്നായിരിയ്ക്കും. എന്തെങ്കിലും ഒരു സംഗതിയെപ്പറ്റി പറയുമ്പോൾ ഗവൺമെണ്ടിൽ നിന്നും മറുപടി പറയുന്നതു പലമാതിരിയാണു്. അധഃകൃതരുടെ പഠിപ്പിനേയോ, മറെറന്നിനേയോ സംബന്ധിച്ചു പറയുവാൻ ഒരു നിവൃത്തിയുമില്ല. അവരിൽ അധികവും വിദ്യാഭ്യാസമില്ലാത്തവരാണു്. മൈവം അവരെ അങ്ങനെയാണു് സൃഷ്ടിച്ചിരിയ്ക്കുന്നതു്. പിന്നെ അവർ എങ്ങിനെയാണു് ഹർജികളും മറ്റും കൊടുക്കുന്നതു്. വല്ല ഹർജികളും അവർ കൊടുക്കുന്നുണ്ടെങ്കിൽ അതു വേറെ വല്ലവരേയും കൊണ്ടെഴുതിച്ചിട്ടാണു്. അതു് അവരുടെ ഉദ്ദേശത്തിനു നേരെ വിപരീതമായിട്ടും പലപ്പോഴും വന്നേയ്ക്കും. എന്നാൽ അവരുടെയിടയിൽ ഒരു മഹാജനസഭയുണ്ടായാൽ അവർ എന്തെങ്കിലുംചെയ്തുകൊടുക്കുന്നതിൽ പോരായ്മയുണ്ടെങ്കിൽ ഗവൺമെണ്ടിനോടു് എഴുതി ചോദിയ്ക്കുവാൻ അവർക്കു സാധിയ്ക്കും. അതിലേയ്ക്കു വേണ്ടിയാണു് ഇക്കാര്യത്തെപ്പറ്റി ഗവൺമെണ്ടിനോടു് ആവശ്യപ്പെട്ടിട്ടുള്ളതു്. അതിനാൽ ഇപ്പോൾ പറഞ്ഞ കൊച്ചി പുലയസഭയെ കൊച്ചി പുലയ മഹാജനസഭ എന്ന നാമത്തിൽ നടത്തി അതിനെ വേണ്ട വിധത്തിൽ പ്രോത്സാഹിയ്ക്കണമെന്നാണു് എന്റെ പ്രമേയത്തിന്റെ ന്യായമായ താല്പര്യം. അതുകൊണ്ടു് എന്റെ പ്രമേയത്തെ ഗവൺമെൻറു് തള്ളിക്കളയുവാനാണു് വിചാരിയ്ക്കുന്നതെങ്കിൽ അതിനെ ഒന്നുകൂടി പ്രസ്സു ചെയ്താൽ കൊള്ളാമെന്നു് എനിയ്ക്കൊരഭിപ്രായമുണ്ടു്.

The resolution was put to vote and carried.

Resolution withdrawn (No. 13.)

The mover being absent the following resolution was considered withdrawn.

Mr. P. Raman Menon. This Council recommends to the Government that a sum equal to the enhanced fees levied from students who are bona fide subjects of this State, by the Medical College and other Professinal Colleges

LIBRARY ARCHIVES Kerala Legislative Assembly

in the Madras Presidency, be paid by our Government as stipend to such students."

14. Music before places of worship.

Mr. K. Ayyappan.—"This Council, in view of the estrangement of feeling between communities that has begun to manifest itself in the State in connection with the question of stopping music before places of worship recommends to the Government to issue a notification to the effect either that no procession needstop music before any place of worship or that all processions should stop it before all places of worship of all castes and creeds."

എന്റെ നിശ്ചയം ഇപ്പോഴത്തെ വളരെ അത്യാവശ്യമായി ഒന്നാണ്. നമ്മുടെ രാജ്യത്ത് പള്ളികളുടേയും അമ്പലങ്ങളുടേയും മുമ്പിൽ കൂടി വാദ്യം നിറുത്താതെ ഘോഷയാത്ര പോകുന്നതിനെ പറ്റി ഒരു വഴക്കം ഉണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ സ്ഥിതിഗതികൾ മാറിയിരിയ്ക്കുന്നു. നിറുത്തണമെന്നും, നിറുത്തുകയില്ലെന്നുമുള്ള നിർബന്ധം വന്നിരിയ്ക്കുന്നു. നിറുത്തണമെന്നുള്ള നിർബ്ബന്ധം ചിലരെ സംബന്ധിച്ചിടത്തോളം അവർക്ക് കീഴ്നടപടിവിടരുതെന്നുള്ള പിടിയാണ്. വേറെ ചിലരെ സംബന്ധിച്ചിടത്തോളം മുഷ്ടി മാത്രമാണ്. നിറുത്തുകയില്ലെന്നുള്ള നിർബ്ബന്ധം നിറുത്തുന്നതു് തങ്ങൾക്കു് അക്ഷേപമാണെന്നുള്ളതുകൊണ്ടോ, ഇപ്പോൾ അമ്പലങ്ങളുടെ മുമ്പിലും, പള്ളികളുടെ മുമ്പിലും കൂടി പോകുമ്പോൾ എല്ലാ സമുദായക്കാരും വാദ്യഘോഷം നിറുത്തുന്നില്ല; പിന്നെ തങ്ങൾ മാത്രം നിറുത്തുന്നതു പോരായ്മയാണ് എന്നുള്ള ചിലരുടെ വിചാരമാണ്. ഇതിനെല്ലാം എന്തെങ്കിലും ഒരു തീരുമാനം ഗവർമ്മെണ്ടിൽ നിന്നും ഉണ്ടാക്കിയില്ലെങ്കിൽ എപ്പോഴും ഇതിനെപ്പറ്റി ഗവർമ്മെണ്ടിനു് പരാതി കിട്ടിക്കൊണ്ടിരിയ്ക്കും. ഈ അടുത്തകാലത്തുതന്നെ ഇതു നിറുത്തുന്നതിനെ പറ്റി പല കുഴപ്പങ്ങളും ഉണ്ടായിട്ടുണ്ടു്. ചില മജിസ്ട്രേട്ടന്മാർ നിറുത്തേണ്ടതാണെന്നും, ചില മജിസ്ട്രേട്ടന്മാർ നിറുത്തണമെന്നും ഉത്തരവു് ഇട്ടിട്ടുണ്ടു്. ഈ നിസ്സാരമായ കാര്യത്തെ സംബന്ധിച്ചു് വടക്കെ ഇൻഡ്യയിൽ എത്ര ലഹളയാണുള്ളതെന്നും, ഈ കഥയിലുള്ളയാൾ എത്ര പള്ളികളാണു്, അമ്പലങ്ങളാണു് നശിപ്പിച്ചതെന്നും, എത്ര സ്ത്രീകളുടെ മാനഭംഗമാണു് വന്നിട്ടുള്ളതെന്നും, എന്തൊക്കെയാണു് നാശമായി പോയതെന്നും ആലോചിച്ചു നോക്കണം. ഈ വഴക്കു് അടുത്തകാലത്തുതന്നെ നമ്മുടെ രാജ്യത്തും വന്നിട്ടുണ്ടു്. അതു് ഇനിയും വരാതിരിയ്ക്കുവാൻ സൂക്ഷിയ്ക്കണം. അതിനു വേണ്ടിയാണു് ഞാൻ ഈ നിശ്ചയം അവതരിപ്പിയ്ക്കുന്നതു്. ഒന്നുകിൽ നിറുത്തണമെന്നു വയ്ക്കണം. അങ്ങിനെ നിറുത്തുകയാണെങ്കിൽ എല്ലാ സമുദായക്കാരുടേയും, മതക്കാരുടേയും വാദ്യങ്ങളും എല്ലാ മതക്കാരുടെയും, സമുദായക്കാരുടേയും ദേവാലയങ്ങളുടേയും മുമ്പിൽ വരുമ്പോൾ നിറുത്തണം; അല്ലെങ്കിൽ ആരും ആരുടേയും ദേവാലയങ്ങളുടെ മുമ്പിൽ നിറുത്തേണ്ടാ എന്നു വയ്ക്കണം.

LIBRARY ARCHIVES Kerala Legislative Assembly